**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് - 'Improving Water Supply at Chalikkavattom area Laying 200mm DI pipe and 160mm PVC pipe along Nandanath Kochacko road from Thammanam Junction and crossing NH by HDD method using 225mm PE pipe and 400mm MS pipe as casing for improving water supply at Chalikkavattom in Kochi Corporation Division 45 & 48 (new) 31,32 &33 (old) - Pipeline Work-1' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി ലഭിച്ച ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ ബി) വകുപ്പ്**

സ.ഉ.(കൈ) നം.47/2025/WRD തീയതി,തിരുവനന്തപുരം, 09-06-2025

---

പരാമർശം:-

1. സ.ഉ.(പി) നം.16/2017/ധന തീയതി 06.02.2017.
2. സ.ഉ(സാധാ) നം.2906/2022/LSGD തീയതി 24.11.2022.
3. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 20.03.2024 തീയതിയിലെ KWA-JB/1378/2023-AE 10(Part 1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ Improving Water Supply at Chalikkavattom area Laying 200mm DI pipe and 160mm PVC pipe along Nandanath Kochacko road from Thammanam Junction and crossing NH by HDD method using 225mm PE pipe and 400mm MS pipe as casing for improving water supply at Chalikkavattom in Kochi Corporation Division 45 & 48(new) 31,32 &33(old)- Pipeline Work-1 ' എന്ന പ്രവൃത്തിയ്ക്ക് അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് പരാമർശം (2) പ്രകാരം 200.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു . പ്രസ്തുത പ്രവൃത്തിയ്ക്ക് കേരള വാട്ടർ അതോറിറ്റി സാങ്കേതികാനുമതി നൽകുകയും കൊച്ചി പിഎച്ച് സർക്കിൾ സൂപ്രണ്ടിങ് എൻജിനീയറുടെ ഓഫീസിൽ നിന്നും ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ആരും പങ്കെടുക്കാത്തതിനാൽ പ്രസ്തുത ടെൻഡർ റദ്ദാക്കുകയും റീ ടെൻഡറുകൾ ക്ഷണിക്കുകയും ചെയ്തു. ലഭിച്ച ഒരു ഓഫർ ഉയർന്ന നിരക്കിലുള്ളതായതിനാലും നിരക്ക് കുറയ്ക്കാൻ ലേലക്കാരൻ തയ്യാറാകാത്തതിനാലും, എസ്റ്റിമേറ്റ് recast ചെയ്യുകയും കേരള വാട്ടർ അതോറിറ്റി 200.50 ലക്ഷം രൂപയ്ക്ക് സാങ്കേതിക അനുമതി നൽകുകയുമുണ്ടായി.

2. പ്രസ്തുത പ്രവൃത്തി റീ-ടെൻഡർ ചെയ്യുകയും ലഭിച്ച രണ്ടു ഓഫറുകളിൽ ഒരാൾ അയോഗ്യനായതിനാൽ ടെൻഡർ സിംഗിൾ ആയി മാറുകയും തുടർന്ന് റദ്ദാക്കുകയും ചെയ്തു. ടെണ്ടർ വീണ്ടും റീടെണ്ടർ ചെയ്തവേളയിൽ ലഭിച്ച , Single Bidder Quote ചെയ്ത തുകയായ 1,67,62,641.01/-

രൂപ Tendered PAC-യായ 1,42,18,983/- രൂപയെക്കാൾ 17.89% കൂടുതലായതിനാൽ പ്രസ്തുത ടെൻഡർ അംഗീകാരത്തിനായി വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു

3. ടെൻഡർ കമ്മിറ്റി പ്രസ്തുത ടെൻഡർ വിശദമായി വിലയിരുത്തുകയും Single ബിഡ്ഡറായ Sri.Nadirsha.K.A, M/s. Shadows Designers, Ekkarakudiyil building, Venduvzhi, Karukad, Emakulam ക്വാട്ട് ചെയ്ത തുകയായ 1,67,62,641.01/- രൂപ, TPAC യെക്കാൾ 17.89% കൂടുതലാണെന്ന് രേഖപ്പെടുത്തുകയും ചെയ്തതായി കേരള വാട്ടർ അതോറിറ്റി എംഡി അറിയിച്ചിരുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയർ ബിഡ്ഡറുമായി ചർച്ച നടത്തുകയും ക്വാട്ട് ചെയ്ത തുക 1,62,57,067/- രൂപയായി കുറയ്ക്കുകയും ചെയ്തു. ടി തുക TPAC യെക്കാൾ 14.33% കൂടുതലാണ്

4. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം DSoR +10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഏറ്റവും കുറഞ്ഞ തുകയായ 1,55,14,096.52/- രൂപ (Current SoR+10%) യുള്ള ടെൻഡറിനാണ് അനുമതി നൽകേണ്ടത്. ക്വാട്ട് ചെയ്ത തുക വീണ്ടും കുറയ്ക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ PRICE 3.0 മുഖാന്തരം ലേലക്കാരനോട് അഭ്യർത്ഥിച്ചുവെങ്കിലും നെഗോഷിയേറ്റഡ് തുകയിൽ നിന്നും വീണ്ടും കുറവ് വരുത്താൻ ബിഡ്ഡർ തയ്യാറായില്ല. നെഗോഷിയേറ്റഡ് തുക ഫൈനൽ ക്വാട്ട് ആയി ബിഡ്ഡർ PRICE പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുള്ളതായും ക്വാട്ട് ചെയ്ത തുക വീണ്ടും കുറവ് വരുത്തുന്നത് ജോലിയുടെ ഗുണനിലവാരത്തെയും തൃപ്തികരമായ പൂർത്തീകരണത്തെയും ബാധിക്കുമെന്നതിനാൽ നിരക്ക് വീണ്ടും കുറയ്ക്കുവാൻ ബുദ്ധിമുട്ടുള്ളതായും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

5. അമൃത് 2.0 പ്രോജക്റ്റ് സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും, എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തതിന് ശേഷമുള്ള രണ്ടാം ടെൻഡർ ആണിതെന്നതിനാലും, ടി പ്രവൃത്തി ബിഡ്ഡർ ആയ Sri.Nadirsha.K.A, M/s. Shadows Designers, Ekkarakudiyil building, Venduvzhi, Karukad, Emakulam-ന് നെഗോഷിയേറ്റഡ് നിരക്കായ 1,62,57,067/- രൂപയ്ക്ക് (TPAC യെക്കാൾ 14.33 % കൂടുതൽ) അനുവദിക്കാൻ കേരള വാട്ടർ അതോറിറ്റി എം.ഡി ശിപാർശ ചെയ്തു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ പ്രവൃത്തി 3 തവണ ടെണ്ടർ ചെയ്തു കഴിഞ്ഞു. കൂടാതെ പൈപ്പ് ലൈനിൽ അടിക്കടി ഉണ്ടാകുന്ന പ്രശ്നങ്ങളും ഇതിന്റെ മെയിന്റനൻസ് നടത്തുന്നതിനുള്ള ബുദ്ധിമുട്ടും വിശദമായി വാട്ടർ അതോറിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നെഗോഷ്യേയേറ്റ് ചെയ്ത ക്വാട്ട് തുക യഥാർത്ഥ മാർക്കറ്റ് റേറ്റിനെക്കാൾ താഴെയാണ്. മേൽ സാഹചര്യത്തിൽ ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നത് ചെലവ് കൂടുന്നതിനും അതോടൊപ്പം കേന്ദ്ര

ധനസഹായം നഷ്ടമായേക്കാം.

7. മേൽ സാഹചര്യത്തിൽ, 'Improving Water Supply at Chalikkavattom area Laying 200mm DI pipe and 160mm PVC pipe along Nandanath Kochacko road from Thammanam Junction and crossing NH by HDD method using 225mm PE pipe and 400mm MS pipe as casing for improving water supply at Chalikkavattom in Kochi Corporation Division 45 & 48(new) 31,32 &33(old)-Pipeline Work-1' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് സിംഗിൾ ബിഡ്ഡറായ Sri.Nadirsha.K.A, M/s. Shadows Designers, Ekkarakudiyil building, Venduvzhi, Karukad, Emakulam എന്ന കരാറുകാരന് TAPC യെക്കാൾ 14.33% അധികരിച്ച നെഗോഷിയേറ്റഡ് തുകയായ 1,62,57,067/- (ഒരു കോടി അറുപത്തിരണ്ട് ലക്ഷത്തി അമ്പത്തി ഏഴായിരത്തി അറുപത്തി ഏഴ് രൂപ) രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), തിരുവനന്തപുരം
3. പൊതുഭരണ (എസ്.സി) വകുപ്പ് ( 05.06.2025 .തീയതിയിലെ ഇനം നം. 3009 പ്രകാരം)
4. ധനകാര്യവകുപ്പ് (ഇ ഫയൽ നം.2908672PU-C1/214/2024-FIN തീയതി 29.03.2025 പ്രകാരം)
5. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ / ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Khadeeja Alungal**
**Date: 10-06-2025 12:25:10**
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസിന്.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 05-06-2025

ഫയൽ നം. ഡബ്ല്യൂ.എസ്.-ബി2/116/2024-ജവിവ. ഇനം നം: 3009

വിഷയം : ജലവിഭവ വകുപ്പ് - 'Improving Water Supply at Chalikkavattom area Laying 200mm DI pipe and 160mm PVC pipe along Nandanath Kochacko road from Thammanam Junction and crossing NH by HDD method using 225mm PE pipe and 400mm MS pipe as casing for improving water supply at Chalikkavattom in Kochi Corporation Division 45 & 48 (new) 31, 32 & 33 (old) Pipeline Work-1' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിനുള്ള ടെൻഡർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

05 JUN 2025
6.30PM

3009

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യൂഎസ്-ബി2/116/2024-ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | 'Improving Water Supply at Chalikkavattom area Laying 200mm DI pipe and 160mm PVC pipe along Nandanath Kochacko road from Thammanam Junction and crossing NH by HDD method using 225mm PE pipe and 400mm MS pipe as casing for improving water supply at Chalikkavattom in Kochi Corporation Division 45 & 48(new) 31,32 &33(old)-Pipeline Work-1' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിനുള്ള ടെൻഡർ അംഗീകരിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 15.05.2025. |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?<br>ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>:<br>: | അതെ<br>ഉണ്ട്.<br>ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ | : | ഇല്ല. |

| | | | |
|---|---|---|---|
| | ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ ജെ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20.05.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.05.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28.05.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28.05.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

'Improving Water Supply at Chalikkavattom area Laying 200mm DI pipe and 160mm PVC pipe along Nandanath Kochacko road from Thammanam Junction and crossing NH by HDD method using 225mm PE pipe and 400mm MS pipe as casing for improving water supply at Chalikkavattom in Kochi Corporation Division 45 & 48(new) 31,32 &33(old)-Pipeline Work-1' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സമർപ്പിച്ച ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട പദ്ധതിയ്ക്ക് 24/11/2022 തീയതിയിലെ GO (Rt) No. 2906/2022/LSGD പ്രകാരം 200.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. കേരള വാട്ടർ അതോറിറ്റി സാങ്കേതികാനുമതി നൽകുകയും കൊച്ചി പിഎച്ച് സർക്കിൾ സൂപ്രണ്ടിങ് എൻജിനീയറുടെ ഓഫീസിൽ നിന്നും പ്രസ്തുത പ്രവൃത്തിക്കായുള്ള ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ആരും പങ്കെടുക്കാത്തതിനാൽ പ്രസ്തുത ടെൻഡർ റദ്ദാക്കുകയും റീ ടെൻഡറുകൾ ക്ഷണിക്കുകയും ചെയ്തു. ലഭിച്ച ഒരു ഓഫർ ഉയർന്ന നിരക്കിലുള്ളതായതിനാലും നിരക്ക് കുറയ്ക്കാൻ ലേലക്കാരൻ തയ്യാറാകാത്തതിനാലും, എസ്റ്റിമേറ്റ് recast ചെയ്യുകയും കേരള വാട്ടർ അതോറിറ്റി 200.50 ലക്ഷം രൂപയ്ക്ക് സാങ്കേതിക അനുമതി നൽകുകയുമുണ്ടായി.

3. പ്രസ്തുത പ്രവൃത്തി റീ-ടെൻഡർ ചെയ്യുകയും ലഭിച്ച രണ്ട് ഓഫറുകളിൽ ഒരാൾ അയോഗ്യനായതിനാൽ ടെൻഡർ സിംഗിൾ ആയി മാറുകയും തുടർന്ന് റദ്ദാക്കുകയും ചെയ്തു. ടെണ്ടർ വീണ്ടും റീ ടെണ്ടർ ചെയ്ത വേളയിൽ Single ക്വാട്ട് ലഭിച്ച Single Bidder Quote ചെയ്ത തുകയായ 1,67,62,641.01/- രൂപ Tendered PAC-യായ 1,42,18,983/- രൂപയെക്കാൾ 17.89% കൂടുതലായതിനാൽ പ്രസ്തുത ടെൻഡർ അംഗീകാരത്തിനായി വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

4. ടെൻഡർ കമ്മിറ്റി പ്രസ്തുത ടെൻഡർ വിശദമായി വിലയിരുത്തുകയും Single ബിഡ്ഡറായ Sri.Nadirsha.K.A, M/s. Shadows Designers, Ekkarakudiyil building, Venduvzhi, Karukad, Emakulam ക്വാട്ട് ചെയ്ത തുകയായ 1,67,62,641.01/- രൂപ, TPAC യെക്കാൾ 17.89% കൂടുതലാണെന്ന് രേഖപ്പെടുത്തുകയും ചെയ്തതായി കേരള വാട്ടർ അതോറിറ്റി എംഡി അറിയിച്ചിരുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയർ ബിഡ്ഡറുമായി ചർച്ച

നടത്തുകയും ക്വാട്ട് ചെയ്ത തുക 1,62,57,067/- രൂപയായി കുറയ്ക്കുകയും ചെയ്തു. ടി തുക TPAC യെക്കാൾ 14.33% കൂടുതലാണ്. ടെൻഡർ ഇവാല്യുവേഷൻ താഴെ പറയും പ്രകാരമാണ്.

a) LMR PAC Corresponding to Tendered PAC: Rs.1,63,59,854.84/- (15.06%) - (LMR Place: Kanayannur & Aluva & Paravur Taluk, LMR as on 18-12-2023)
b) Quoted Amount of L1 : Rs.1,67,62,641.01 (17.89% above Tendered PAC)
c) Negotiated Amount of L1 : Rs. 1,62,57,067/- (14.33% above TPAC)
d) Current SoR + 10% : Rs. 1,55,14,096.52/- (9.11% above TPAC From PRICE)

5. നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക് മാത്രമേ ടെൻഡർ അനുവദിക്കാനാകൂ എന്നതിനാൽ പ്രസ്തുത പ്രവൃത്തി Current SoR+10% ആയ 1,55,14,096.52/- രൂപയ്ക്ക് മാത്രമെ അനുവദിക്കാനാകൂ.

6. ക്വാട്ട് ചെയ്ത തുക വീണ്ടും കുറയ്ക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ PRICE 3.0 മുഖാന്തരം ലേലക്കാരനോട് അഭ്യർത്ഥിച്ചുവെങ്കിലും നെഗോഷിയേറ്റഡ് തുകയിൽ നിന്നും വീണ്ടും കുറവ് വരുത്താൻ ബിഡ്ഡർ തയ്യാറായില്ല. നെഗോഷിയേറ്റഡ് തുക ഫൈനൽ ക്വാട്ട് ആയി ബിഡ്ഡർ PRICE പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുള്ളതായും ക്വാട്ട് ചെയ്ത തുക വീണ്ടും കുറവ് വരുത്തുന്നത് പ്രവൃത്തിയുടെ ഗുണനിലവാരത്തെയും തൃപ്തികരമായ പൂർത്തീകരണത്തെയും ബാധിക്കുമെന്നതിനാൽ നിരക്ക് വീണ്ടും കുറയ്ക്കുവാൻ ബുദ്ധിമുട്ടുള്ളതായും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**Comparison statement with Quoted Amount**

| **Negotiated Quoted Amount Rs.1,62,57,067/-** | | |
|---|---|---|
| | Amount | Quoted Amount Percentage above or below. |
| Tendered PAC (TPAC) | Rs. 1,42,18,983/- | 14.33 % above |
| Current SoR + 10% | Rs. 1,55,14,096.52/- | 4.79 % above |
| Local Market Rate (LMR) | Rs. 1,63,59,854.84/- | 0.63 % below |

7. അമൃത് 2.0 പ്രോജക്റ്റ് സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും, എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തതിന് ശേഷമുള്ള രണ്ടാം ടെൻഡർ ആണിതെന്നതിനാലും, ടി പ്രവൃത്തി ബിഡ്ഡർ ആയ Sri.Nadirsha.K.A, M/s. Shadows Designers, Ekkarakudiyil building, Venduvzhi, Karukad, Emakulam-ന് നെഗോഷിയേറ്റഡ് നിരക്കായ 1,62,57,067/- രൂപയ്ക്ക്(TPAC യെക്കാൾ 14.33 % കൂടുതൽ) അനുവദിക്കാൻ കേരള വാട്ടർ അതോറിറ്റി എം.ഡി ശിപാർശ ചെയ്തു.

8. ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*" As per para 4(v) of G.O.(P)No. 16/2017/Fin dated 06.02.2017, if L1 received is above the approved amount even after re-tendering, the estimate should be reworked and revised estimate shall be prepared taking into account of the special physical conditions of the area where the work is being executed and re-tender shall be initiated based on the revised estimate.*

*MD/KWA had requested/recommended Govt to consider the single offer obtained in re-tender after reworking/recasting estimate with the following reasons*

*a) AMRUT 2.0 project should be completed in a timely manner and this is the second tender call after re casting the estimate.*

*b) The work will be beneficial to around 3000 people if done and the existing pipe line at Nandanath Kochako road is 150mm AC pipe which is very old and more than 1.3m deep and maintenance of this pipe line is very difficult.*

***Recommendation***

*The request of MD,KWA to award the above work to the single bidder Sri.Nadirsha K A, M/s. Shadows Designers, Ekkarakudiyil building, Venduvizhi, Karukad, Ernakulam at the negotiated quoted amount for Rs.1,62,57,067/- which is 14.33% above the Tendered PAC obtained during re tendering after recasting the estimate for the work is not in accordance with the GO'S in force for acceptance of tenders.*

*Considering the urgency of executing this work, and being AMRUT 2.0 project the following course of action by AD is suggested.*

*In case AD/KWA feel that there will be no change in estimate amount even after reworking the estimate and no scope in getting a better response even on recall of tenders and that the urgency for AMRUT 2.0 project completion is true to facts, then the single bid of Sri.Nadirsha.K.A, M/s.Shadows Designers, Ekkarakudiyil building, Venduvzhi, Karukad, Ernakulam at the negotiated quoted amount for Rs.1,62,57,067/- which is 14.33% above the Tendered PAC may be placed before the Council of Ministers for approval, with full justification ( however after making an earnest effort by KWA to bring down the rate to LMR PAC.)"*

9. ഫയൽ ബഹു.ജല വിഭവ വകുപ്പ് മന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ബഹു. മന്ത്രി താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"ഈ പ്രവൃത്തി 3 തവണ ടെണ്ടർ ചെയ്തു കഴിഞ്ഞു. കൂടാതെ പൈപ്പ് ലൈനിൽ അടിക്കടി ഉണ്ടാകുന്ന പ്രശ്നങ്ങളും ഇതിന്റെ മെയിന്റനൻസ് നടത്തുന്നതിനുള്ള ബുദ്ധിമുട്ടും വിശദമായി വാട്ടർ അതോറിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നെഗോഷ്യേയേറ്റ് ചെയ്തു കഴിഞ്ഞ ക്വാട്ട് തുക യഥാർത്ഥ മാർക്കറ്റ് റേറ്റിനെക്കാൾ താഴെയാണ്. മേൽ സാഹചര്യത്തിൽ ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നത് ചെലവ് കൂട്ടുന്നതിനും അതോടൊപ്പം കേന്ദ്ര ധനസഹായം നഷ്ടമായേക്കാം എന്നതിനാലും ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും."

10. ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

'Improving Water Supply at Chalikkavattom area Laying 200mm DI pipe and 160mm PVC pipe along Nandanath Kochacko road from Thammanam Junction and crossing NH by HDD method using 225mm PE pipe and 400mm MS pipe as casing for improving water supply at Chalikkavattom in Kochi Corporation Division 45 & 48(new) 31,32

&33(old)-Pipeline Work-1' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് സിംഗിൾ ബിഡ്ഡറായ Sri.Nadirsha.K.A, M/s. Shadows Designers, Ekkarakudiyil building, Venduvzhi, Karukad, Emakulam എന്ന കരാറുകാരന് TPAC യെക്കാൾ 14.33% അധികരിച്ച നെഗോഷിയേറ്റഡ് തുകയായ 1,62,57,067/- (ഒരു കോടി അറുപത്തിരണ്ട് ലക്ഷത്തി അമ്പത്തി ഏഴായിരത്തി അറുപത്തി ഏഴ് രൂപ) രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകാമോ?